മുംബൈ

മാർച്ച് 12, 2008

## ബാങ്കു നോട്ടുകളോട് ജനങ്ങൾ ആദരവ് കാട്ടണം - റിസർവ്വ് ബാങ്ക്

മാലയുണ്ടാക്കിച്ചാർത്തുവാനും പന്തലുകളും ആരാധനാലയങ്ങളും അലങ്കരിക്കുവാനും വിശിഷ്ടവ്യക്തികളുടെമേൽ ചൊരിയുവാനും മറ്റും ബാങ്കുനോട്ടുകൾ ഉപയോഗിക്കരുതെന്ന് പൊതുജനങ്ങളോട് റിസർവ്വ് ബാങ്ക് ഇന്ന് അഭ്യർത്ഥിച്ചു. ഇത്തരം പ്രവൃത്തികൾ നോട്ടുകളെ വികൃതമാക്കുകയും അവയുടെ ആയുസ്സ് കുറയ്ക്കുകയും ചെയ്യും. ഉൽക്കൃഷ്ടതയുടെ ചിഹ്നമായി നോട്ടുകളെ മാനിക്കുകയും അവയുടെ ചംക്രമണദൈർഘ്യം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാവശ്യമാണ്. നല്ലനോട്ടുകൾ രാജ്യത്തെമ്പാടും വിതരണം ചെയ്യുന്നതിനാവശ്യമായ സർവ്വ നടപടികളും തങ്ങൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണെന്നും അതിനാൽ ആ യത്നവുമായി പൊതുജനങ്ങൾ പരമാവധി സഹകരിക്കണമെന്നും റിസർവ്വ് ബാങ്ക് ഉദ്ബോധിപ്പിച്ചു.